**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1284** **06.03.2018 ൽ മറുപടിയ്ക്ക്**

# തരിശു കിടക്കുന്ന ഭൂമിയിൽ കൃഷി ഇറക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) തരിശായി കിടക്കുന്ന കൃഷി ഭൂമിയിൽ കൃഷി ഇറക്കാൻ എന്തൊക്കെ പദ്ധതികൾ നിലവിലുണ്ട്; | എ) തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായ 3 വർഷവും ആനുകൂല്യം നൽകിവരുന്നു. ഒന്നാംവർഷം ഹെക്ടറിനു 30000 രൂപയും ... രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500 രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമക്കും സഹായധനം നൽകുന്നുണ്ട് ഒന്നാംവർഷം കർഷകന് 25000 രൂപയും ഭൂവുടമയ്ക്ക് 5000 രൂപയും നൽകും രണ്ടാം വർഷം ഇത് യഥാക്രമം 5800 രൂപയും 1200 രൂപയും മൂന്നാം വർഷം 3750 രൂപയും 750 രൂപയും ആണ് ധനസഹായം നൽകുന്നത്. ഇതിന് പുറമെ അടിസ്ഥാന സൗകര്യവികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സ്ഥലത്തും കൃഷി നടത്തുന്നതിനും ആനുകൂല്യം നൽകുന്നുണ്ട്. പാടശേഖര സമിതികളുടെ പ്രവർത്തന ചിലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായമനുസരിച്ച് നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്, നഗര പ്രദേശങ്ങളിലെ കർഷകഗ്രൂപ്പുകൾ / റസിഡന്റ്സ് അസോസിയേഷനുകൾ , വിദ്യാഭ്യാസ സ്ഥാപനങ്ങൾ , സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തം ഭൂമിയിലോ പാട്ടത്തിനോ പദ്ധതിയധിഷ്ഠിതമായി നെല്ല് കൃഷി |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. ആയതിലേക്ക് 262 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനത്തിന്റെ ഭാഗമായി നെൽകൃഷി മേഖലയിൽ കേന്ദ്ര/ സംസ്ഥാന/ തദ്ദേശസ്വയംഭരണ സ്ഥാപന ആനുകൂല്യങ്ങൾ സംയോജിപ്പിച്ച് ഏകീകരിച്ച രീതിയിൽ താഴെ തട്ടിൽ നടപ്പിലാക്കുന്നതിനും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങളിൽ പൊതുഞ്ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റ് സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പദ്ധതിയധിഷ്ഠിതമായി 1200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| ബി) | നാദാപുരം മണ്ഡലത്തിൽ കൃഷി യോഗ്യമായ തരിശായി കിടക്കുന്ന നിലങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; | ബി) | ഉണ്ട് |
| സി) | എങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കാമോ? | സി) | നാദാപുരം മണ്ഡത്തിൽ ആകെ 61.9 ഹെക്ടർ സ്ഥലം തരിശായി കിടക്കുന്നുണ്ട്. നടപ്പ സാമ്പത്തികവർഷം 5 ഹെക്ടർ സ്ഥലത്ത് നെല്ലും 5 ഹെക്ടർ സ്ഥലത്ത് പച്ചക്കറിയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഘട്ടം ഘട്ടമായി തരിശുരഹിതമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. |

Manoj

സെക്ഷൻ ഓഫീസർ